"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി ഫോർ ആനിമൽ റിസർച്ച് സജ്ജമാക്കുന്നതിനുള്ള സിവിൽ ഇലക്ട്രിക്കൽ വർക്കുകൾ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1702/2026/H&FWD തീയതി,തിരുവനന്തപുരം, 15-05-2026

---

പരാമർശം:- 1) സ.ഉ.(സാധാ)നം. 574/2018/ആ.കു.വ തീയതി 20.02.2018.

2) സ.ഉ.(സാധാ)നം. 1872/2024/ആ.കു.വ തീയതി 07.08.2024.

3) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 13.09.2025, 05.05.2026 തീയതികളിലെ പി.എ2/5213/2025/മെ.വി.വ നമ്പർ കത്തുകൾ

**ഉത്തരവ്**

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റ് സ്ഥാപിക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായും, ഉപകരണങ്ങൾ വാങ്ങുന്നതിനുമായി പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (1)ലെ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന തുകയിൽ ബാക്കിയുള്ള ₹4,68,117/- രൂപയും എം.ആർ.യു വിന്റെ അക്കൗണ്ടിൽ നിന്ന് ₹11,883/- രൂപയും ചേർത്ത് ₹4,80,000/- രൂപ വിനിയോഗിച്ച് സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി ഫോർ ആനിമൽ റിസർച്ച് സജ്ജമാക്കുന്നതിനുള്ള സിവിൽ ഇലക്ട്രിക്കൽ വർക്കുകൾ ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (3) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എം.ആർ.യുവിനായി അനുവദിച്ചിരുന്ന ₹83,30,000/- രൂപയിൽ ബാക്കിയുള്ള

₹4,68,117/-രൂപയും എം.ആർ.യു വിന്റെ അക്കൗണ്ടിൽ നിന്ന് ₹11,883/- രൂപയും ചേർത്ത് ആകെ ₹4,80,000/- **(നാല് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം)** രൂപ വിനിയോഗിച്ച് സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ഫെസിലിറ്റി ഫോർ ആനിമൽ റിസർച്ച് സജ്ജമാക്കുന്നതിനുള്ള സിവിൽ ഇലക്ട്രിക്കൽ വർക്കുകൾ ചെയ്യുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ

അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ/ സൂപ്രണ്ട്, ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി(P1/275/2025-HEALTH)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 15-05-2026 14:15:04

സെക്ഷൻ ഓഫീസർ

പകർപ്പ് - ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസിന്